പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1850 — 05.12.2014- ൽ മറുപടിക്ക്

## സാമൂഹ്യക്ഷേമ പെൻഷനുകൾ

ചോദ്യം
ശ്രീ. പി.കെ. ബഷീർ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളാണ് നിലവിൽ വിതരണം ചെയ്യപ്പെടുന്നതെന്നും ഓരോന്നിന്റെയും തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പെൻഷൻ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ക്ഷേമപെൻഷന്റെ പേര് | പ്രതിമാസ വിഹിതം (രൂപയിൽ) |
|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 600/- |
| 80 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്കുള്ള പെൻഷൻ | 1200/- |
| അഗതി (വിധവ) പെൻഷൻ | 800/- |
| വികലാംഗപെൻഷൻ | 800/- |
| 80%ഉം അതിന് മുകളിലും വൈകല്യമുള്ളവർക്കുള്ള പെൻഷൻ | 1100/- |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 800/- |

| | | | |
|---|---|---|---|
| (ബി) | ഇവ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | ഈ സാമൂഹ്യക്ഷേമ പെൻഷനുകളുടെ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്. |

മറ്റു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1. അറുപത് വയസ്സ് പൂർത്തിയായിരിക്കണം<br>2. കേരള സംസ്ഥാനത്ത് 3 വർഷം സ്ഥിരതാമസം |
| വികലാംഗപെൻഷൻ | 1. അസ്ഥിവൈകല്യം ചുരുങ്ങിയത് 40%<br>2. അന്ധർ കൂടുതൽ കാഴ്ചയുള്ള കണ്ണിൽ 6/60 അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്.<br>3. ബധിരർ-കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്<br>4. മാനസിക വൈകല്യം - ഐ.ക്യൂ 50 ൽ താഴെ |
| അഗതി (വിധവ) പെൻഷൻ | വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്. |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1. 50 വയസ്സ് പൂർത്തിയായിരിക്കണം<br>2. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം. |

**സെക്ഷൻ ഓഫീസർ**